ഉത്തരം

(എ,യും ബി-യും) സംസ്ഥാനത്ത് ഇപ്പോൾ 263 അംഗീകൃത സർവ്വീസ് സംഘടനകൾ ഉണ്ട്. അവയുടെ ലിസ്റ്റ് അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

സംസ്ഥാന ജീവനക്കാരുടെ ഡി. എ.

8 [2004] ശ്രീ. ജോർജ്ജ് ജോസഫ് പൊടിപ്പാറ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്ര ഗവൺമെന്റ് നൽകിയ ഏതെങ്കിലും ഡി. എ. സംസ്ഥാന ഗവൺമെന്റ് കൊടുക്കാനുണ്ടോ?

ഉത്തരം

കേന്ദ്ര സർക്കാർ ജീവനക്കാർക്ക് 1-1-1991 മുതൽ അനുവദിച്ച ഒരു ഗഡു ക്ഷാമബത്ത സംസ്ഥാന ജീവനക്കാർക്ക് നൽകാനുണ്ട്.

സംസ്ഥാനത്തെ വകുപ്പദ്ധ്യക്ഷൻമാർ

9 [2005] ശ്രീ. പന്തളം സുധാകരൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വകുപ്പദ്ധ്യക്ഷൻമാർ ഏതേത് സമുദായങ്ങളിൽ പെടുന്നവരാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ ജാതി തിരിച്ചുള്ള പട്ടിക തയ്യാറാക്കിയിട്ടില്ല.

സംസ്ഥാന സർക്കാർ ജീവനക്കാരുടെ ജാതി തിരിച്ചുള്ള കണക്ക്

10 [2006] ശ്രീ. ഇ. അഹമ്മദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ ജാതി തിരിച്ചുള്ള കണക്ക് അടുത്ത കാലത്ത് എപ്പോഴെങ്കിലും ശേഖരിക്കുകയോ അത് പ്രസിദ്ധീകരിക്കുകയോ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എപ്പോഴെല്ലാം;

(സി) ഇല്ലെങ്കിൽ കണക്കുകൾ ശേഖരിച്ച് പ്രസിദ്ധപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly